**സബ്മിഷൻ**

(1) പാലോട് ഫയർ സ്റ്റേഷൻ

ശ്രീ. ഡി. കെ. മുരളി: സർ, ബഹുമാനപ്പെട്ട സ്പീക്കറെ അഭിമുഖീകരിച്ചുകൊണ്ടാണ് സബ്മിഷൻ അവതരിപ്പിക്കാനുള്ളത്. നിർഭാഗ്യവശാൽ അങ്ങയുടെ മുഖം എനിക്ക് കാണാൻ സാധിക്കുന്നില്ല. ഇത് ചട്ടങ്ങൾക്കും പാർലമെന്ററി നടപടികൾക്കും വിരുദ്ധമല്ലേ? ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആദ്യം സൂചിപ്പിക്കാനുള്ളത്.

എന്റെ മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ പാലോട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കഴിഞ്ഞ മന്ത്രിസഭ ഒരു ജി.ഒ. ഇറക്കിയിരുന്നു. അതിന് തത്വത്തിൽ അനുമതിയും നൽകിയിരുന്നു. ഇതനുസരിച്ച് പാലോടുള്ള 35 സെന്റ് സ്ഥലം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഫയർഫോഴ്സിന് വിട്ടുനൽകുകയും എം.എൽ.എ.-യുടെ ആസ്തിവികസനഫണ്ടിൽനിന്നും 10 ലക്ഷം രൂപ ചെലവാക്കി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അത്യാവശ്യനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഫയർസ്റ്റേഷൻ വളരെ അത്യാവശ്യമായ ഒരു സ്ഥലമാണ്. അതൊരു വനപ്രദേശമാണ്, TBGRI

(Jawaharlal Nehru Tropical Botanic Garden & Research Institute) പോലെയുള്ള പ്രശസ്ത സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. പലപ്പോഴും മലയോരമേഖലയായതിനാൽ മണ്ണിടിച്ചിലും മരങ്ങൾ പുഴകി വീഴുകയുമൊക്കെ ചെയ്യുന്ന സ്ഥലമാണ്. ദക്ഷിണ ശിവകാശി എന്നറിയപ്പെടുന്ന നന്ദിയോട് ഒരു പടക്കനിർമ്മാണ മേഖല പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സന്ദർഭത്തിൽ അവിടെയൊരു ഫയർ സ്റ്റേഷൻ അത്യാവശ്യമാണ്. പോസ്റ്റ് ക്രിയേഷന്റെ ബുദ്ധിമുട്ടാണ് ഇപ്പോൾ പ്രധാനമായും നേരിടുന്നത്. അതുകൊണ്ട് നിലവിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനങ്ങൾ അന്യാധീനപ്പെട്ടുപോകാതിരിക്കാൻ താല്ക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തി പാലോട് ഫയർ സ്റ്റേഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (2) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: സർ, നെൽക്കർഷകർ അന്നദാതാക്കളാണ്,

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അവർ പണി മുടക്കിയാൽ നമ്മൾ പട്ടിണിയിലാകും. ഈ ധാരണയോടുകൂടി നെൽക്കർഷകർക്കൊപ്പം നിൽക്കുന്ന സർക്കാരാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ. ഇന്ത്യയിലൊരിടത്തുമില്ലാത്ത സംഭരണവില നൽകുകയും റോയൽറ്റി നൽകുകയും മറ്റാനുകൂല്യങ്ങൾ നൽകുകയും ചെയ്തുകൊണ്ട് നെൽക്കർഷകരെ ചേർത്തുപിടിക്കുകയാണ്. 2016 മുതൽ ഈ സീസൺ വരെ സംഭരണവില കാലതാമസമില്ലാതെ നൽകാൻ സർക്കാർ നടപടിയെടുത്തിരുന്നു. എന്നാൽ ഈ സീസണിൽ തൃശ്ശൂർ ജില്ലയിൽ സംഭരിച്ച നെല്ലിന്റെ വില ലഭിക്കാൻ വളരെയേറെ കാലതാമസം വന്നിരിക്കുന്നത് വേദനാജനകമാണ്. ഫെബ്രുവരി 2-ന് ശേഷം കർഷകർക്ക് വില ലഭിച്ചിട്ടില്ല. ഈയിനത്തിൽ 80 കോടിയോളം രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഞാൻ ഭാരവാഹിയായ പാടശേഖരത്തിൽപ്പോലും പണം ലഭിച്ചിട്ടില്ലായെന്നത് വസ്തുതയാണ്. കർഷകവിരുദ്ധ നിലപാടാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. സർക്കാർ ഗ്യാരന്റി നൽകിയാണ് ബാങ്കുകൾ പണം നൽകുന്നത്. എന്നാൽ കേരള ബാങ്കടക്കം കർഷകരിൽനിന്നും വിവിധ രേഖകൾ വാങ്ങി കടം നൽകുന്ന രീതിയിലാണ് തുക നൽകുന്നത്. കേന്ദ്രസർക്കാരിന്റെ

കർഷകവിരുദ്ധ സമീപനങ്ങളെ സംസ്ഥാനസർക്കാരിന്റെ പിന്തുണയോടുകൂടി അതിജീവിച്ച് തന്റെ വിളയിടങ്ങളിൽ അന്നം വിളയിച്ച് അതുവിൽക്കുമ്പോൾ അവനെ കടക്കാരനാക്കുന്ന സമീപനം ബാങ്കുകളെടുക്കുന്നത് തിരുത്തപ്പെടേണ്ടതാണ്. അടിയന്തരമായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിനായി നടപടിയെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നതാണ്.+

(3) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ദേശീയ സമ്പാദ്യപദ്ധതി ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി അവർ മിച്ചംപിടിക്കുന്ന തുക രാജ്യത്തിന്റെ ബഹുമുഖ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സമാഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ളതാണ്. രാജ്യത്തെ ജനങ്ങളെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കുന്നതിനോടൊപ്പം ഏജന്റുമാർക്ക് ന്യായമായ കമ്മീഷനും നിക്ഷേപകർക്ക് സാധാരണ ബാങ്കുകളിൽനിന്നും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കിട്ടുന്നതിനെക്കാൾ പലിശയും ആനുകൂല്യങ്ങളും ഈ പദ്ധതിയുടെ പ്രത്യേകതയാണ്. 5000 കോടിയോളം രൂപയാണ് ഒരു വർഷം കേരളത്തിൽനിന്നും ഈ പദ്ധതിയിലേയ്ക്ക് സമാഹരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. വെയിലെന്നോ മഴയെന്നോ നോക്കാതെ കൂടുതൽ സമാഹരണത്തിനായി അദ്ധ്വാനിച്ച ഏജന്റുമാരുടെ വിയർപ്പിന്റെകൂടി ഫലമായാണ് ഈ പദ്ധതിക്ക് മികച്ചനേട്ടം കൈവരിക്കാൻ സാധിച്ചത്. ഈ മേഖലയിലെ ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. (1) കൂടുതൽ സ്കീമുകളിലൂടെയും ഏജന്റുമാരെ നിയമിക്കുന്നതിലൂടെയും ഈ പദ്ധതിയെ സജീവമാക്കേണ്ട സമയം പുതിയ ഏജന്റുമാരെ നിയമിക്കാതെയും ആശ്രിത നിയമനംപോലും കൊടുക്കാതെയും വന്നതോടെ ഈ മേഖല കടുത്ത വെല്ലുവിളിയാണ് നേരിടുന്നത്. (2) 2022 ആഗസ്റ്റ് മാസം മുതൽ ആർ.ഡി. ഏജന്റുമാരുടെ ഓണറേറിയം കൊടുക്കാതെ വന്നതോടെ പല കുടുംബങ്ങളും പട്ടിണിയിയിലും കടുത്ത ദാരിദ്ര്യത്തിലുമാണ്. (3) പെൻഷനായവർക്ക് വർഷങ്ങൾ കഴിഞ്ഞാണ് പെൻഷൻ അനുവദിക്കുന്നത്. പെൻഷൻ നൽകുന്നത് ആ അനുവദിക്കുന്ന തീയതിമുതലുള്ളത് മാത്രമാണ്. (4) സാമൂഹ്യസുരക്ഷാ പെൻഷൻ 1,600/- രൂപ നൽകുന്ന ഈ

കാലഘട്ടത്തിൽ ഈ മേഖലയിലെ ഏജന്റുമാർക്ക് പെൻഷനായി വെറും 1,200/- രൂപയാണ് പ്രതിമാസം നൽകുന്നത്. ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകേണ്ടതാണ്. ദേശീയ സമ്പാദ്യ പദ്ധതിയിൽ പുതിയ ഏജന്റുമാരെ നിയമിച്ച് പദ്ധതി ശക്തിപ്പെടുത്തേണ്ടതിന്റെയും നിലവിലെ തൊഴിലാളികൾക്കും വിരമിച്ച തൊഴിലാളികൾക്കും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കി അനുകൂലമായ തീരുമാനമെടുത്ത് ഈ പാവങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, മറുപടി ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.+

<u>മി. സ്പീക്കർ</u>: ....പ്ലീസ്.....ശ്രീ. ടി. ഐ. മധുസൂദനൻ, ശ്രീമതി ദെലീമ, ശ്രീ. സി. സി. മുകുന്ദൻ എന്നിവരുടെ സബ്മിഷനുകൾക്കുള്ള മറുപടി മേശപ്പുറത്ത് വച്ചതായി കണക്കാക്കുന്നു+ .

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്ന് മുദ്രാവാക്യംവിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

---

\+ അനുബന്ധമായി ചേർക്കുന്നു.

\+ അനുബന്ധമായി ചേർക്കുന്നു.